**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 205** **08-08-2023 - ൽ മറുപടിയ്ക്ക്**

**പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിലെ വികസനപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിൽ നടന്നുവരുന്ന വികസനപ്രവർത്തനങ്ങൾ എന്തൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (എ) | പേരൂർക്കട ജില്ലാ മാതൃകാശുപത്രിയിലെ ലേബർ റൂമിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചു. 85 കെ.വി.എ ട്രാൻസ്ഫോമർ പവ്വർ ആവശ്യമുള്ളതിനാൽ അപ്ഗ്രഡേഷൻ വർക്കുകൾ നടക്കേണ്ടതുണ്ട്. ക്വാളിറ്റി ഇംപ്രൂവ്മെന്റ് (ലക്ഷ്യ) എൻ.എച്ച്.എം.ഫണ്ട് ഉപയോഗിച്ചാണ് പ്രസ്തുത വർക്കുകൾ പൂർത്തീകരിച്ചത്. ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ആശുപത്രിയിലെ പാലിയേറ്റീവ് ആന്റ് കീമോതെറാപ്പി വാർഡിന്റെ സിവിൽ വർക്കുകൾ പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. എൻ.എച്ച്.എം.ഫണ്ട് ഉപയോഗിച്ച് 2023 ആഗസ്റ്റ് മാസം മുതൽ പേരൂർക്കട ജില്ലാ മാതൃകാശുപത്രിയിലെ ഒ.പി. ട്രാൻസ്ഫർമേഷന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് പേരൂർക്കട ജില്ലാ മാതൃകാശുപത്രിയിലെ തീയറ്റർ കോംപ്ലക്സിന്റെ സിവിൽ വർക്കുകൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ എത്ര ഡയാലിസിസ് യൂണിറ്റുകളാണുള്ളതെന്നും പ്രതിദിനം എത്ര പേർക്ക് ഡയാലിസിസ് ചെയ്യുന്നുവെന്നും വിശദമാക്കാമോ; | (ബി) | ഒരു ഡയാലിസിസ് യൂണിറ്റാണ് നിലവിലുള്ളത്. പ്രതിദിനം പത്ത് പേർക്ക് ഡയാലിസിസ് ചെയ്തുവരുന്നു. |
| (സി) | ഡയാലിസിസിന് അപേക്ഷ നല്കി ക്യൂവിലുള്ളവരുടെ എണ്ണം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (സി) | നിലവിൽ 97 പേരുടെ അപേക്ഷയാണ് ലഭ്യമായിട്ടുള്ളത്. |
| (ഡി) | കൂടുതൽ ഡയാലിസിസ് മെഷീനുകളും ടെക്നീഷ്യൻമാരേയും വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ഡി) | പേരൂർക്കട ജില്ലാ മാതൃകാശുപത്രിയിൽ നിലവിൽ 7 മെഷിനുകളോട് കൂടിയ ഒരു ഡയാലിസിസ് യൂണിറ്റാണ് നിലവിലുള്ളത്. ടി യൂണിറ്റിൽ 3 ഡയാലിസിസ് ടെക്നീഷ്യൻമാരുടെ സേവനം ലഭ്യമാണ്. കൂടുതൽ ഡയാലിസിസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥല സൗകര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ